(ബി) അനധികൃത മദ്യനിർമ്മാണവും, വിതരണവും തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് വ്യാജമദ്യ ഉല്പാദന കേന്ദ്രങ്ങളിൽ സംയുക്ത റെയിഡുകൾ നടത്തുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റ് വാഹന പരിശോധന നടത്തുന്നു. അബ്കാരി സ്ഥിരം കുറ്റവാളികൾക്കെതിരെ CrpC 110 പ്രകാരം നടപടി എടുത്തു വരുന്നു. കള്ളുഷാപ്പുകളിൽ നിരന്തര പരിശോധന നടത്തുകയും ചെത്തിക്കൊണ്ടുവരുന്ന സ്വാഭാവിക കള്ള് മാത്രമേ വില്പ നടത്തുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

(സി) നിലവിലുള്ള നിയമവ്യവസ്ഥകൾ ഇതിന് പര്യാപ്തമായതിനാൽ, നിയമ ഭേദഗതി ആവശ്യമില്ല.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

90 (1053) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് :

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എൻ.ജി.ഒ. കൾക്ക് ധന സഹായം നൽകാറുണ്ടോ ; ഉണ്ടെങ്കിൽ ഈ സർക്കാർ കോഴിക്കോട് ജില്ലയിൽ എത്ര സംഘടനകൾക്ക് ധനസഹായം നൽകി ; ഇവ ഏതെല്ലാമാണെന്നും നൽകിയ തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ, ലഹരി വിരുദ്ധ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നു. മദ്യത്തിന്റെ ദുഷ്യവശങ്ങളെകുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, ശക്തവും, നൂതനവുമായ പരിപാടികൾ നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, ഇന്ദ്രജാല പ്രകടനം, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ദൃശ്യമാധ്യമങ്ങളിലൂടെയുള്ള ബോധവത്ക്കരണത്തിനായി "ദുരന്ത ലഹരി" എന്ന പേരിൽ ഒരു ഡോക്യുമെന്ററി ദൂരദർശൻ ചാനലുകളിൽ സംപ്രേക്ഷപണം ചെയ്തിട്ടുണ്ട്. ടി ഹ്രസ്വചിത്രത്തിന്റെ സി.ഡി. പ്രദർശനം എല്ലാ ജില്ലകളിലും നടത്തി വരുന്നു.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly